പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1640

14-12-2012 – ൽ മറുപടിയ്ക്ക്

## മാലാക്കായൽ വികസന പദ്ധതി

| ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
|---|---|
| (എ) കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കുന്ന മാലാക്കായൽ വികസന പദ്ധതി പൂർത്തീകരിക്കുന്നതിലേയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) മാലാക്കായൽ ബണ്ടു നിർമ്മാണ പദ്ധതിയുടെ 40% പൂർത്തിയായപ്പോൾ ബഹു. ഹൈക്കോടതിയുടെയും, കീഴ്ക്കോടതികളുടെയും കേരള സ്റ്റേറ്റ് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടേയും സ്റ്റേ ഉത്തരവുകൾ വന്നതിനെതുടർന്ന് നിർമ്മാണ പ്രവർത്തികൾ നിർത്തിവയ്ക്കേണ്ടതായി വന്നു. ഈ കേസുകൾ തീർപ്പാക്കുന്നതിനായി കെ.എൽ.ഡി.സി, സ്റ്റാൻഡിംഗ് കൗൺസലിനെ ഏർപ്പാടാക്കുകയും സ്റ്റേ ഒഴിവാക്കി പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികളും കെ.എൽ.ഡി.സി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നത്; നബാർഡ് സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി എന്ന നിലയിൽ കാലാവധി നീട്ടി നൽകുവാൻ നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) ഈ പ്രവൃത്തിയുടെ പൂർത്തീകണ കാലാവധി 31-12-2012 വരെയാണ് നബാർഡ് അനുവദിച്ചിട്ടുള്ളത്. എങ്കിലും കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ 26-11-2012 ൽ കെ.എൽ.ഡി.സി നബാർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോൺട്രാക്ടറുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നത്; കരാർ പ്രകാരമുള്ള കാലാവധിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ കാലാവധി നീട്ടി നൽകുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ? | (സി) | കോൺട്രാക്ടറുടെ കരാർ കാലാവധി 31-3-2012-ൽ അവസാനിച്ചു. പദ്ധതിയുടെ പൂർത്തീകരണ കാലാവധി നബാർഡ് ദീർഘിപ്പിച്ചു നൽകുന്ന മുറയ്ക്ക് പദ്ധതി അവലോകനം നടത്തി ഉചിതമായ തീരുമാനം കെ.എൽ.ഡി.സിയാണ് സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ